
# ഗവ.ഹയർ സെക്കന്ററി സ്കൂൾ
# ഏലൂർ




# അക്കാദമിക് മാസ്റ്റർ പ്ലാൻ കരട്

ആലുവ വിദ്യാഭ്യാസ ജില്ല
എറണാകുളം



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

ജിഎച്ച്എസ്എസ് ഏലൂർ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നും ബൃഹത്തായ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ് അക്കാദമിക എന്ന ആശയത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനും അവരുടെ ഉയർന്ന നിലവാരത്തിലേക്കുള്ള കാൽവെപ്പിനും നമുക്ക് പങ്കാളികളാകാം. എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ ഏലൂർ മുനിസിപ്പാലിറ്റിയിലെ ഏക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ആണിത് 1981-82 ൽ ഐമു എന്ന വ്യക്തിയുടെ ലോഡ്ജിൽ 16 കുട്ടികളോടുകൂടി ആരംഭിച്ച സ്കൂൾ 1982 ഏലൂർ പഞ്ചായത്തിന്റെയും ടി സിസി, എഫ്എസിടിയുടെയും സഹായത്തോടെ സ്വന്തം സ്ഥലത്ത് പ്രവർത്തനം തുടങ്ങി 1984 -85 ആദ്യ എസ്എസ്എൽസി ബാച്ച് പുറത്തിറങ്ങി. 8 ,9 ,10 ക്ലാസുകളിലായി 28 കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു 2004 ൽ ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## Table of Contents


| | |
|---|---|
| ആമുഖം | 1 |
| ലക്ഷ്യങ്ങൾ അക്കാദമിക പ്രവർത്തനങ്ങൾ | 1 |
| സ്കൂൾ ലഘുചരിത്രം | 2,3,4 |
| അക്കാദമിക വികസനം | 5 |
| നിലവിലെ അവസ്ഥ | 5,6 |
| വിദ്യാലയ മികവുകൾ | 7 |
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം - 2025 - 2026 | 8,9,10 |
| ഭാഷാ വികാസം | 11,12 |
| മാസ്റ്റർ പ്ലാൻ  രൂപീകരണ പ്രക്രിയ | 13 |
| പ്രവർത്തന പദ്ധതി രൂപരേഖ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ മോണിറ്ററിങ്ങ് രീതി | 13 |
| എസ് ആർ ജിയുടെ റോൾ | 13 |
| ഉപസംഹാരം | 14 |
| അനുബന്ധം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ച് അക്കാദമികവും അക്കാദമികേതരവുമായ കാര്യങ്ങൾ ചിട്ടപ്പെടുത്തിയാൽ മികച്ച നിലവാരത്തിലേക്ക് സ്ഥാപനത്തെ കൊണ്ടുപോകാമെന്ന് ഉറപ്പുണ്ട് .അത് സ്കൂളിന്റെ സമഗ്ര വികസനത്തിന് വലിയൊരു പങ്കുവഹിക്കുന്നു.

## ലക്ഷ്യങ്ങൾ

കുട്ടികൾ നേടേണ്ട പഠനമികവുകൾ നേടാൻ സഹായിക്കുന്ന പാഠ്യപ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ചിട്ടപ്പെടുത്താൻ സഹായിക്കുന്നു. പഠനത്തെ രസകരമാക്കാൻ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. എല്ലാ അർത്ഥത്തിലും കുട്ടികൾക്ക് ശിശു സൗഹൃദ അന്തരീക്ഷം പ്രദാനം ചെയ്യുന്നു. കുട്ടികളുടെ ഓരോരുത്തരുടെയും മികവുകൾ കണ്ടെത്താനും നിരന്തര മൂല്യനിർണയം നടത്താനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു .എൻ എം എം എസ് മറ്റ് സ്കോളർഷിപ്പിലൂടെ കുട്ടികൾക്ക് മികവിന്റെ അനുഭവമൊരുക്കുവാൻ സഹായിക്കുന്നു കുട്ടികളുടെ നിലവാരമുയർത്തുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ സഹായിക്കുന്നു. സ്കൂൾ ലൈബ്രറി യിലൂടെ കുട്ടികളെ എല്ലാവരെയും വായനക്കാരാക്കാൻ ശ്രദ്ധിക്കുന്നു. പഠനയാത്രകൾ നടത്തുന്നത് മൂലം കുട്ടികൾക്ക് യാത്രാനുഭവം ലഭ്യമാകുന്നു. കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. കൗൺസിലിങ്ങിന്റെ സാധ്യത ഉറപ്പുവരുത്തുന്നു. സി ഡബ്ല്യു എസ് എൻ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നു ഐസിടി യിലൂടെ AI യുടെ സാധ്യതകളെ അധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും പരിചയപ്പെടുത്തുന്നു. ശാസ്ത്ര പരിചയത്തിനായി ലാബുകളെ നവീകരിക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ എല്ലാത്തരം കുട്ടികൾക്കും ഗ്രാഹ്യമാകുന്ന തരത്തിൽ അക്കാദമിക പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്ന പ്രചോദനാത്മകമായ ഹ്രസ്വകാല മധ്യമകാല ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു. കാലത്തിനനുസരിച്ച് ഈ പദ്ധതിക്ക് മാറ്റം വരാനും സാധ്യതയുണ്ട്.

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

### സ്കൂൾ ലഘു ചരിത്രം

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ഏലൂർ മുനിസിപ്പാലിറ്റിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1982-ൽ ഏലൂർ പഞ്ചായത്തന്റേയും ടി.സി.സി. T.C.C. FACT എന്നീ വ്യവസായ ശാലകളുടേയും സാഹയത്തോടെ വിദ്യാലയം ആരംഭിച്ചു. തുടക്കത്തിൽ എട്ടാം ക്ലാസ്സ് മാത്രമാണുണ്ടായിരുന്നത്. 1984-85 ലായിരുന്നു ആദ്യ എസ്.എസ്.സി ബാച്ച്. ഇന്ന് 8,9,10 ക്ലാസ്സുകളിലായി 296 കുട്ടികൾ പഠിക്കുന്നു. അവരിലേറെയും തമിഴ്നാട് സ്വദേശികളായ, പാവപ്പെട്ട് തൊഴിവാളികളുടെ മക്കളാണ്. 2004-05 അദ്ധ്യയന വർഷം ഹയർ സെക്കന്ററി ആരംഭിച്ചു. സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിലായി ഏകദേശം 243 കുട്ടികൾ പഠിക്കുന്നു. 2013-14 അധ്യയന വർഷം മുതൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. നിലവിൽ 8 ഡിവിഷനുകളാണ് ഹൈസ്ക്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്നത്. ഏലൂർ മുനിസിപാലിറ്റിയിലെ ഏക സർക്കാർ ഹയർ സെക്കന്ററി വിദ്യാലയമായ ഈ സ്ഥാപനം, ഉദാരമതികളായ നാട്ടുകാരുടെ സഹായ സഹകരണത്തോടെ ഭംഗിയായി മുന്നോട്ടുപോകുന്നു. 2025-2026 അധ്യയന വർഷം 8 9 10 ക്ലാസുകളിൽ ആയി ആകെ 113 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.



GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

### സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| School Name | : | Govt. H. S. S. Eloor |
| School Code | : | 25014 |
| Sub District | : | Aluva |
| Edu District | : | Aluva |
| Revenue District | : | Ernakulam |
| Established Year | : | 1982 |
| Department | : | General Education |
| Municipality | : | Eloor |
| Parliamentary Constituency | : | Ernakulam |
| Assembly Constituency | : | Kalamassery |
| Taluk | : | Paravur |
| Pincode | : | 683504 |
| School Management Type | : | Government |
| School Type | : | Mixed |
| Pre Primary Is Attached | : | No |
| School Habitation | : | Rural |
| UDISE Code | : | 32080101302 |
| School Section | : | Hss |
| School Level | : | 8 12 |
| Year Of Recognition Hs | : | 1982 |
| Year Of Recognition: Hss | : | 2004 |

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

### സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| **Headmaster Name** | : | **Lini A F** |
| **School Phone** | : | **04842545440** |
| **School Email** | : | **ghs8eloor@gmail.com** |
| **PTA President Name** | : | **JABBAR V A** |
| **PTA President Mobile Number** | : | **8943903876** |
| **Mother PTA Name** | : | **RAZEENA ASHARAF** |
| **Mother PTA Mobile Number** | : | **9605674299** |
| **Headmaster Phone** | : | **9446384808** |
| **SITC Name** | : | **ANEESH T E** |
| **SITC Mobile Number** | : | **9847408200** |
| **Instruction Medium** | : | **Malayalam & English** |

## School Clubs

**IT, Science, Maths Club, Social Science Club, Health Club, Energy Club, Sports Club, Vidhya Rangam Kala Sahitya Vedhi, English Club, Hindi Club, Eco Club, Junior Red Cross, And Safety Club**

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## അക്കാദമിക വികസനം-കാഴ്ചപ്പാട്-ദർശനം

ലോകഭാഷ ,പ്രാദേശിക ഭാഷ ,രാഷ്ട്രഭാഷ ഇവ പരിശീലിപ്പിക്കുക.

കുട്ടികളിൽ യുക്തി ബോധം ജനിപ്പിക്കുക

എല്ലാത്തരം പഠനശേഷികളും ഉണ്ടാക്കുക .

നല്ല മനുഷ്യനാക്കാനുള്ള പരിശീലനം നൽകുക.

പാരിസ്ഥിതിക അവബോധം ഉണ്ടാക്കുക .

ശുചിത്വം ശീലിപ്പിക്കുക പ്ലാസ്റ്റിക് രഹിതക്യാമ്പസ് എന്ന അവബോധം സൃഷ്ടിക്കുക.

വിവരസാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുക. കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കുക.

പെൺകുട്ടികൾക്ക് സ്വയം സുരക്ഷിതത്വം തോന്നുന്ന രീതിയിലുള്ള പരിശീലനം നൽകുക.

ആൺകുട്ടികളെ പരിപാലകർ എന്ന രീതിയിൽ ഉള്ള പരിശീലനം നൽകുക.

തീരുമാനമെടുക്കാനുള്ള കഴിവ് ഉണ്ടാക്കുക.

## നിലവിലുള്ള അവസ്ഥാ വിശകലനം

ഭൗതികമായ വിഭവങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കാൻ സഹായിക്കുന്നു. പരിമിതികൾ ഉണ്ടെങ്കിലും സമീപഭാവിയിൽ തന്നെ കമ്പ്യൂട്ടറിൽ ലാബ്, സയൻസ് ലാബ്, ലൈബ്രറി ഇവ നവീകരിക്കപ്പെടും.

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## വിദ്യാർത്ഥികളുടെ എണ്ണം

### 2025-2026

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC (OTHER THAN MUSLIM) | | | OTHERS | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 8 | 1 | 16 | 28 | 44 | 5 | 7 | 12 | 0 | 0 | 0 | 5 | 5 | 10 | 1 | 5 | 6 | 4 | 8 | 12 | 1 | 3 | 4 | 4 | 13 | 17 | 12 | 15 | 27 |
| 9 | 1 | 11 | 16 | 27 | 2 | 4 | 6 | 0 | 0 | 0 | 3 | 7 | 10 | 2 | 1 | 3 | 3 | 2 | 5 | 1 | 2 | 3 | 7 | 9 | 16 | 4 | 7 | 11 |
| 10 | 1 | 27 | 15 | 42 | 4 | 8 | 12 | 0 | 0 | 0 | 9 | 3 | 12 | 8 | 2 | 10 | 5 | 1 | 6 | 1 | 1 | 2 | 13 | 7 | 20 | 14 | 8 | 22 |
| Total | | 54 | 59 | 113 | 11 | 19 | 30 | 0 | 0 | 0 | 17 | 15 | 32 | 11 | 8 | 19 | 12 | 11 | 23 | 3 | 6 | 9 | 24 | 29 | 53 | 30 | 30 | 60 |

### 2024-2025

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC (OTHER THAN MUSLIM) | | | OTHERS | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 8 | 2 | 15 | 14 | 29 | 4 | 3 | 7 | 0 | 0 | 0 | 5 | 7 | 12 | 2 | 1 | 3 | 3 | 2 | 5 | 1 | 1 | 2 | 9 | 8 | 17 | 6 | 6 | 12 |
| 9 | 1 | 32 | 19 | 51 | 7 | 8 | 15 | 0 | 0 | 0 | 9 | 5 | 14 | 9 | 2 | 11 | 5 | 1 | 6 | 2 | 3 | 5 | 16 | 9 | 25 | 16 | 10 | 26 |
| 10 | 2 | 26 | 25 | 51 | 3 | 5 | 8 | 0 | 0 | 0 | 6 | 8 | 14 | 5 | 5 | 10 | 9 | 6 | 15 | 3 | 1 | 4 | 11 | 19 | 30 | 15 | 6 | 21 |
| Total | | 73 | 58 | 131 | 14 | 16 | 30 | 0 | 0 | 0 | 20 | 20 | 40 | 16 | 8 | 24 | 17 | 9 | 26 | 6 | 5 | 11 | 36 | 36 | 72 | 37 | 22 | 59 |

## അധ്യാപകരുടെ എണ്ണം : 6

## അനധ്യാപകരുടെ എണ്ണം : 5

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**വിദ്യാലയ മികവുകൾ**

**വായനാശീലം വളർത്തൽ**

**പച്ചക്കറിത്തോട്ടം**

**വിശാലമായ കളിമുറ്റം**

**ഐടി ലാബ്**

**ലൈബ്രറി**

**നിലവിലെ അക്കാദമിക അവസ്ഥാ വിശകലനം**

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

**ഭാഷാ വികാസം - വിഷയം -മലയാളം**

**ലക്ഷ്യങ്ങൾ**

**എല്ലാ കുട്ടികൾക്കും മലയാളത്തിൽ നന്നായി വായിക്കാനുള്ള കഴിവ് . അക്ഷരങ്ങൾ ഉറപ്പിക്കൽ .നല്ല വായനാശീലം വളർത്തൽ .സാഹിത്യ അഭിരുചി വളർത്തൽ . ഏതെങ്കിലും വിഷയത്തെക്കുറിച്ച് നന്നായി സംസാരിക്കാനുള്ള കഴിവ് . ഉപന്യാസ രചന , പുസ്തക വായന, അനുഭവക്കുറിപ്പ് എഴുതൽ , ആസ്വാദനക്കുറിപ്പ്, കവിതാരചന ,ക്വിസ്.**

**വിഷയം -ഇംഗ്ലീഷ് ലക്ഷ്യങ്ങൾ**

**എല്ലാ കുട്ടികൾക്കും നന്നായി സംസാരിക്കാനുള്ള കഴിവ് ,സെമിനാർ ഡിബേറ്റ് ,പത്രവാർത്ത തയ്യാറാക്കൽ വായനക്കുറിപ്പ് മത്സരം, വായനാ മത്സരം,ദീർഘം യാത്രാവിവരണം തിരക്കഥാ രചന ദിനാചരണമത്സരങ്ങൾ ന്യൂസ് റീഡിങ് ഇംഗ്ലീഷ് നന്നായി സംസാരിക്കാനും വായിക്കുവാനുള്ള കഴിവ്.ഗ്രഹിക്കാനുള്ള കഴിവ്, ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനുള്ള ആവേശം ,കയ്യെഴുത്ത് മാസിക മത്സരം , സർഗാത്മക രചന , കൊളാഷ് , ക്ലാസ് ടെസ്റ്റ്, പ്രസംഗം**

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**വിഷയം -ഹിന്ദി ലക്ഷ്യങ്ങൾ**

ഹിന്ദി അക്ഷരമാല തെറ്റ് കൂടാതെ എഴുതാനും വായിക്കാനും സാധിക്കൽ , നമ്മൾ എന്നും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് മനസ്സിലാക്കൽ,സ്വന്തം ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള കഴിവ്, ഹിന്ദി പുസ്തകങ്ങളുടെ വായന.

**ഹ്രസ്വം**

അക്ഷരമാല മനപ്പാഠമാക്കൽ,നമ്മൾ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരറിയൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

**മധ്യമം**

വാക്കുകളെ വാചകങ്ങളാക്കൽ, പട്ടികപ്പെടുത്തൽ, അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ

**ദീർഘം**

ഹിന്ദി ക്ലാസിൽ ഹിന്ദി സംസാരിക്കൽ, കഥ,കവിത, വായനാക്കുറിപ്പ്

**വിഷയം -ഗണിതം ലക്ഷ്യങ്ങൾ**

നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, നമുക്ക് ഗണിതം എങ്ങനെ സഹായകമാകുന്നു എന്ന് തിരിച്ചറിയൽ , ഗണിതവാദങ്ങൾ, ഐസിടി സാധങ്ങൾ ഉപയോഗിച്ച് മനസ്സിലാക്കൽ, ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയൽ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ,സംഖ്യാ കാർഡ്,അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം,വ്യവകലനം, ഗുണനം,ഹരണം.

**മധ്യമം**

ജ്യാമിതീയ രൂപങ്ങളെ പട്ടികപ്പെടുത്തൽ , സംഖ്യാകേളി, കമ്പ്യൂട്ടറിൽ ഗണിതരൂപങ്ങൾ ഉണ്ടാക്കൽ.

**ദീർഘം**

ഗണിതകേളികൾ, ശില്പശാല,ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, പദപ്രശ്നം,പസിൽ നിർമ്മാണം

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**സാമൂഹ്യശാസ്ത്രം ലക്ഷ്യങ്ങൾ**

**പൊതുവിജ്ഞാനത്തിന് ഊന്നൽ, പ്രാദേശിക ചരിത്രാവബോധം , പഠനയാത്ര ,ഭൂപടം മനസ്സിലാക്കൽ ,ഗ്ലോബ് , അക്ഷാംശരേഖകൾ പരിചയപ്പെടൽ, ആനുകാലിക വിഷയങ്ങളിൽ ഉപന്യാസം തയ്യാറാക്കൽ ,പ്രസംഗം കാലാവസ്ഥാ മേഖലകൾ കണ്ടെത്തൽ, ചുമർപത്രം തയ്യാറാക്കൽ, ഫീൽഡ് ട്രിപ്പ് ,ചരിത്ര നേതാക്കന്മാരെ പരിചയപ്പെടൽ, പ്രാദേശിക ചരിത്രം തയ്യാറാക്കൽ .**

**ദീർഘം**

**ഭൂപട നിർമ്മാണം, സെമിനാർ ,മാഗസിൻ**

**വിഷയം - ശാസ്ത്രം - ലക്ഷ്യം**

**പരിസ്ഥിതി സംരക്ഷണം, ജലസ്രോതസ്സുകളെ സംരക്ഷിക്കൽ, ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ, കാർഷികവൃത്തിയോട് ആഭിമുഖ്യം ജനിപ്പിക്കൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.**

**ശാസ്ത്രം-ബയോളജി ലക്ഷ്യം**

**ശരീരാവയവങ്ങളെക്കുറിച്ച് മനസ്സിലാക്കൽ, കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കൽ, ജൈവവൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കൽ, മൈക്രോസ്കോപ്പ് നിരീക്ഷണം, സസ്യകോശം,ജന്തു കോശം എന്നിവ നിരീക്ഷിക്കൽ . കൃഷിസ്ഥലങ്ങൾ സന്ദർശിക്കൽ , സസ്യങ്ങളെ തിരിച്ചറിയൽ.**

**മധ്യമം**

**സസ്യഭാഗങ്ങളുടെ ഛേദങ്ങൾ എടുത്ത് മൈക്രോസ്കോപ്പിൽ നിരീക്ഷിക്കൽ, രോഗങ്ങളുടെ മുൻകരുതലുകളെക്കുറിച്ച് ബോധവൽക്കരണം, ശാസ്ത്രനാമം തിരിച്ചറിയൽ , ദീർഘകാലം മൈക്രോസ്കോപ്പ് ഉപയോഗിക്കാനറിയൽ, സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ നിരീക്ഷിച്ച് തിരിച്ചറിയൽ, സമീപത്തുള്ള പ്രദേശത്തെ രോഗങ്ങളെക്കുറിച്ച് സർവേ , സെമിനാർ നടത്തൽ , പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.**

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**വിഷയം - കെമിസ്ട്രി ലക്ഷ്യങ്ങൾ**

പിരിയോഡിക് ടേബിൾ ചരിത്രം അറിയുന്നു. വിവിധതരം സംയുക്തങ്ങളെ തിരിച്ചറിയുന്നു . ഗ്ലാസ് ,ബീക്കർ, എന്നിവ ഉപയോഗിച്ച് മിശ്രിതങ്ങളും ലായനികളും ഉണ്ടാക്കുന്നു. ഉപകരണങ്ങളെ കൈകാര്യം ചെയ്യാൻ പഠിക്കുന്നു. മൂലകങ്ങളുടെ പ്രതീകങ്ങളും സവിശേഷതകളും ഉപയോഗങ്ങളും മനസ്സിലാക്കുന്നു. മൂലകങ്ങളിൽ നിന്നും ലോഹങ്ങളെ വേർതിരിക്കുന്നു. മൂലകങ്ങളുടെ പേരും സംയുക്തങ്ങൾ, തന്മാത്രകളുടെ എണ്ണം , ആറ്റങ്ങളുടെ എണ്ണം ,. മനസ്സിലാക്കുന്നു രാസസൂത്രം എഴുതുന്നു രാസവാക്യം രൂപീകരിക്കുന്നു.

ആറ്റങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഐ യു പി എ സി നാമകരണം പഠിക്കുന്നു. ദീർഘകാലം പിരിയോഡിക് ടേബിളിൽ നിന്ന് പിരീഡ്, ഗ്രൂപ്പ് ,ബ്ലോക്ക് മനസ്സിലാക്കുന്നു. ഉപയോഗിക്കുന്ന മൂലകങ്ങളുടെ സവിശേഷതകൾ, ചരിത്രം എന്നിവ കണ്ടെത്തുന്നു. ഓസോൺ പാളിയുടെ ശോഷണത്തിനും ആഗോളതാപനത്തിനുള്ള കാരണങ്ങളും പരിഹാരവും സെമിനാർ നടത്തുന്നു. പൂരിതലായനി, അപൂരിതലായനി അതിപൂരിതലായനി കൃത്രിമ പാനീയം ആഹാരപദാർത്ഥങ്ങൾ, ലോഹങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന രാസ സെല്ലുകൾ അവയുടെ പ്രവർത്തനം ഉപയോഗം എന്നിവ തിരിച്ചറിയുന്നു ലോഹ നാശനത്തിനുള്ള കാരണങ്ങൾ തടയാനുള്ള മാർഗങ്ങൾ പ്രോജക്ട് ആയി ചെയ്യുന്നു

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

വിഷയം -ഫിസിക്സ് ലക്ഷ്യങ്ങൾ

ബൾബ് , സ്വിച്ച് ,ബാറ്ററി എന്നിവ ഉപകരണങ്ങൾ പരിചയപ്പെടുന്നു. കപ്പാസിറ്റർ ,ഡയോഡ് ട്രാൻസിസ്റ്റർ, ഇൻഡക്ടർ തുടങ്ങിയവ അറിയുന്ന .ലെൻസ് ദർപ്പണങ്ങൾ എന്നിവ പരിചയപ്പെടുന്നു ബാറ്ററി ,സ്വിച്ച് ,ബൾബ് എന്നിവയെ നിരീക്ഷിക്കുന്നു .വാട്ട് , ഔർ ,മീറ്റർ എന്നിവയെ കുറിച്ച് മനസ്സിലാക്കുന്നു. മധ്യമം ഇലക്ട്രോണിക് കമ്പനികൾ ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ,ഫോൺ ഇന്റർനെറ്റ് എന്നിവയെ കുറിച്ച് ഗ്രഹിക്കുന്നു. ലെൻസുകൾ ദർപ്പണങ്ങൾ എന്നിവ പരിചയപ്പെടുന്നു. ദീർഘം സെമിനാർ- നിയന്ത്രണ ബോധവൽക്കരണം. ഊർജ്ജ സംരക്ഷണത്തിൽ പങ്കാളികളാകൽ , പ്രോജക്ട് -ആധുനിക വിവരസാങ്കേതികവിദ്യ ഗുണങ്ങൾ ,ദോഷങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നു.

വിഷയം ആരോഗ്യകല കായിക വിദ്യാഭ്യാസം

ലക്ഷ്യം -ശാരീരിക മാനസിക വളർച്ച . കുട്ടിയുടെ സമഗ്ര വികാസം .കലകളുടെ ആസ്വാദ്യത ഉൾക്കൊള്ളൽ .കായിക വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങൾ ലഭ്യമാക്കൽ *

ഹ്രസ്വം

വിവിധതരം കബഡി, വടംവലി,ഫുട്ബോൾ പരിശീലനം

മധ്യമം

കരാട്ടെ കുട്ടികളുടെ പ്രത്യേക താല്പര്യം മുൻനിർത്തി പ്രത്യേക പരിശീലനം. അഭിരുചി കണ്ടെത്തി കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നടത്തുന്നു മത്സരങ്ങൾക്ക് കൊണ്ടുപോകുന്നു. സ്റ്റേറ്റ് ,നാഷണൽ മെഡൽ അർഹരാക്കുന്നു കൂടാതെ ആർട്ടിന് പ്രത്യേക പ്രാധാന്യം നൽകുന്നു .പതിപ്പുകൾ തയ്യാറാക്കാൻ പ്രാപ്തമാക്കുന്നു. എക്സിബിഷൻ ഒരുക്കാൻ പ്രാപ്തമാക്കുന്നു.

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**വിഷയം -ഐസിടി ലക്ഷ്യങ്ങൾ**

**ഇന്റർനെറ്റിൽ വിവിധസേവനങ്ങൾ പരിചയപ്പെടുക. ചതിക്കുഴികൾ കണ്ടെത്തുക. ക്ലാസ് മുറികളിൽ ഓരോ വിഷയവും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പഠിപ്പിക്കുക.**

**മധ്യമ ദീർഘകാല പ്രവർത്തനം**

**എല്ലാ ക്ലാസും സ്മാർട്ട് ക്ലാസ് ആക്കുക. വീഡിയോ നിർമ്മാണം, ഓഡിയോ റെക്കോർഡിങ് പഠിപ്പിക്കുക. പവർ പോയിന്റ് പ്രസന്റേഷൻ, കുട്ടികളുടെ സൃഷ്ടികൾ അപ്‌ലോഡ് ചെയ്യൽ**

**വിഷയം -ശാസ്ത്രം ലക്ഷ്യം- പരിസ്ഥിതി സംരക്ഷണം, ജലസ്രോതസ്സുകളെ സംരക്ഷിക്കൽ, ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ, കാർഷികവൃത്തിയോട് ആഭിമുഖ്യം ജനിപ്പിക്കൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.**

**ശാസ്ത്രം-ബയോളജി-ലക്ഷ്യം**

**ശരീരാവയവങ്ങളെക്കുറിച്ച് മനസ്സിലാക്കൽ, കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കൽ, ജൈവവൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കൽ, മൈക്രോസ്കോപ്പ് നിരീക്ഷണം, സസ്യകോശം,ജന്തു കോശം എന്നിവ നിരീക്ഷിക്കൽ . കൃഷിസ്ഥലങ്ങൾ സന്ദർശിക്കൽ , സസ്യങ്ങളെ തിരിച്ചറിയൽ**

**മധ്യമം**

**സസ്യഭാഗങ്ങളുടെ ഛേദങ്ങൾ എടുത്ത് മൈക്രോസ്കോപ്പിൽ നിരീക്ഷിക്കൽ, രോഗങ്ങളുടെ മുൻകരുതലുകളെക്കുറിച്ച് ബോധവൽക്കരണം, ശാസ്ത്രനാമം തിരിച്ചറിയൽ , ദീർഘകാലം മൈക്രോസ്കോപ്പ് ഉപയോഗിക്കാനറിയൽ, സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ നിരീക്ഷിച്ച് തിരിച്ചറിയൽ, സമീപത്തുള്ള പ്രദേശത്തെ രോഗങ്ങളെക്കുറിച്ച് സർവേ , സെമിനാർ നടത്തൽ , പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.**

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

**മാസ്റ്റർപ്ലാൻ**

**രൂപീകരണ പ്രക്രിയ സ്കൂളിന്റെ സമഗ്രമായ വികാസമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ നിർമ്മിക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. അധ്യാപകസമിതി, വിദ്യാലയ വികസന സമിതി, പൊതുപ്രവർത്തകർ തുടങ്ങിയവരെ കേന്ദ്രീകരിച്ച് നടത്തിയ കൂട്ടായ ചർച്ചയിലൂടെയാണ് മാസ്റ്റർ പ്ലാൻ രൂപീകരിച്ചത്. വരുന്ന അഞ്ചുവർഷത്തെ മുന്നിൽ കണ്ടു കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.**

GOVT HSS ELOOR

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030</u>

## പ്രവർത്തന പദ്ധതി രൂപരേഖ -മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക. സവിശേഷ സഹായം അർഹിക്കുന്ന എല്ലാ കുട്ടികൾക്കും അവസരം നൽകുക<br>2) കുട്ടികൾക്ക് അക്ഷരങ്ങൾ ഉറപ്പിക്കുക<br>3) കുട്ടികൾക്ക് എല്ലാവർക്കും വായനാശീലം ഉറപ്പിക്കുക. തെറ്റില്ലാതെ എഴുതാനും വായിക്കാനും പറ്റുമെന്ന് ഉറപ്പിക്കുക.<br>5)ഭാഷയുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുവാൻ ശ്രമിക്കുക<br>6)പ്രദേശത്തിന്റെ ചരിത്രം മനസ്സിലാക്കുക | ഒരു വിഷയത്തെക്കുറിച്ച് എന്തെങ്കിലും പറയാനുള്ള. താല്പര്യമുണ്ടാക്കുക, ഉപന്യാസ രചന, ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ, ആസ്വാദനക്കുറിപ്പ് എഴുതൽ, ഓഡിയോ റെക്കോർഡിങ്ങ്, അമ്മ വായന.<br>പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ, പുസ്തകക്കുറിപ്പ്, തയ്യാറാക്കൽ, എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം ഉണ്ടാക്കൽ, ദിനാചരണവുമായി ബന്ധപ്പെട്ട സാഹിത്യ രചനകൾ ,കൊളാഷ് എന്നിവ ഉണ്ടാക്കൽ. നാടൻ കലകളെ പരിചയപ്പെടൽ ശിൽപ്പശാല<br>കഥ,കവിത, പുസ്തകാസ്വാദനം, വീഡിയോ നിർമ്മാണം എന്നിവയെക്കുറിച്ച് ശില്പശാല. ഓർമ്മക്കുറിപ്പുകൾ ദൃക്സാക്ഷി വിവരണം കയ്യെഴുത്ത് മാസിക രചന നിർമ്മാണം പ്രാദേശികമായുള്ള ചരിത്രം ഉണ്ടാക്കൽ ആൽബപ്രദർശനം, ഡയറിക്കുറിപ്പുകൾ, ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കൽ ,പ്രാദേശിക സാംസ്കാരിക ചരിത്രം അറിയൽ , ചരിത്ര വസ്തുക്കൾ ശേഖരിക്കൽ<br>വീഡിയോ ഓഡിയോ നിർമാണം | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ - ENGLISH

| Aims | Activity | Period | Duties | Finance |
|---|---|---|---|---|
| Improve listening skill<br>our requirements<br><br>To develop the speaking skill<br><br>To improve the reading skill<br><br>Requirement reading stand<br><br>To develop the writing skill<br><br>Requirement bulletin board | Language lab<br>(need the language lab) story telling pods<br><br>Listen and draw<br>teacher reads a story and the students listen and draw the different scenes.<br>Words for the day<br><br>presenting the word with correct pronunciation, meaning and spelling in Assembly.<br><br>Assembly in English.<br><br>In assembly we can include riddles, quiz and speech.<br><br>Language lab, collection of poems<br><br>Role play competition picture narration<br>reading corner<br><br>class library<br><br>Days celebration | Longterm<br>(daily )<br>Short term | Teachers | PTA |

GOVT HSS ELOOR

## പ്രവർത്തന പദ്ധതി രൂപരേഖ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| കേൾവിയിലൂടെ പഠിക്കുക<br>-വായനയിലൂടെ പഠിക്കൽ<br>ലേഖനശേഷി വർദ്ധിപ്പിക്കുക<br>പറഞ്ഞ് പഠിക്കുക<br>ക്ലബ്ബ് പ്രവർത്തനങ്ങൾ | ഐസിടിയുടെ സഹായത്തോടെ പാഠഭാഗം  കേൾക്കാൻ അവസരം നൽകുക. ഐസിടി സഹായത്തോടെ അക്ഷര പഠനം പ്രോത്സാഹിപ്പിക്കുക. പദസൂര്യൻ. ഡിക്ഷ്ണറി നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക. പോസ്റ്റർ ,നോട്ടീസ് തയ്യാറാക്കുവാൻ അവസരം നൽകുക. പത്രവായന; സെമിനാർ നടത്താനുള്ള ധാരണ നൽകുക .ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തുക .വായനദിനം, കിസാൻ സഭ ,ഹിന്ദി ദിനാഘോഷം എന്നിവ നടത്തുക | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ |

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കുന്നു.<br><br>പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു. പ്രാചീന മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.<br><br>പ്രാദേശികചരിത്രാവബോധം വളർത്തുന്നു. പഠനയാത്ര സംഘടിപ്പിച്ച് ചരിത്ര പഠനം നടത്തുന്നു<br><br>പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ അവബോധം വളർത്തുന്നു. | ഭൂപട നിർമ്മാണം, ഗ്ലോബ് നിർമ്മാണം,<br><br>പൊതുവിജ്ഞാനകോശം തയ്യാറാക്കൽ, പതിപ്പ് തയ്യാറാക്കൽ,<br><br>റിപ്പോർട്ട് തയ്യാറാക്കൽ,<br><br>ഡയഗ്രം തയ്യാറാക്കൽ,<br><br>ലിംഗസമത്വം സമിതി രൂപീകരിക്കൽ | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ |

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>ഗണിത ക്ലബ്ബ് രൂപീകരണം<br><br>സവിശേഷ സഹായം അർഹിക്കുന്ന കുട്ടികൾക്കുള്ള പദ്ധതികൾ | കുട്ടികളുടെ മികവുകളും പോരായ്മകളും കണ്ടെത്തുന്നു<br><br>ഗണിതത്തിന്റെ അടിസ്ഥാന ക്രിയകൾ ഗണിത ചിഹ്നങ്ങൾ ഉറപ്പാക്കൽ ജ്യാമിതീയ രൂപങ്ങൾ, ഘനരൂപങ്ങൾ<br><br>ഗണിത കോർണർ<br><br>ഗണിത ക്വിസ്<br><br>ദിനാചരണങ്ങൾ<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ആശയങ്ങളുടെ ചാർട്ട് നിർമ്മാണം<br><br>അക്ഷരങ്ങളിൽ നിന്ന് ചിത്രം വരയ്ക്കാൻ സഹായം | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ |

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ - ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| 1)എല്ലാ കുട്ടികൾക്കും ശാസ്ത്ര ബോധം വളർത്തൽ<br><br>2, പരീക്ഷണങ്ങളിൽ പങ്കാളികളാക്കൽ<br><br>3)ശാസ്ത്രപഠനം രസകരമാക്കൽ<br><br>4)ക്ലാസ് മുറികളിൽ സയൻസിനെ കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ | 1)അളവുകളും തൂക്കങ്ങളും ധാരണ ഉറപ്പിക്കൽ<br><br>2 )മാഗസിൻ നിർമ്മാണം, ചാർട്ട്, ഓഡിയോ ,വീഡിയോ<br><br>3 )മോഡൽ നിർമ്മാണം ചാന്ദ്രദിന പതിപ്പ് ഉണ്ടാക്കൽ<br><br>4)ദിനാചരണങ്ങൾ - ഓസോൺ ദിനം, ചാന്ദ്രദിനം.<br><br>5) ഐസക്ക് ന്യൂട്ടൻ ദിനം ആചരിക്കൽ | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ |

GOVT HSS ELOOR

## പ്രവർത്തന പദ്ധതി രൂപരേഖ - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| 1, ശുചിത്വം<br>2)വ്യക്തി ശുചിത്വം<br>3)മഹാമാരികൾക്കെതിരെയുള്ള അവബോധം<br>5 )പരിസ്ഥിതി സംരക്ഷണം<br>6 ) ഗ്രീൻ പ്രോട്ടോകോൾ<br>7 )ലഹരി വിരുദ്ധ പ്രവർത്തനം<br>8)ശാസ്ത്രം ജീവിതത്തിൽ<br>9 )രക്തദാനം മഹാദാനം<br>10)പാരമ്പര്യ ഔഷധ പരിചയം | 1 മഹാമാരി പ്രതിരോധ മാർഗങ്ങൾ കണ്ടെത്തൽ<br>ആരോഗ്യകരമായ ഭക്ഷണരീതി<br>വിവിധ ബോധവൽക്കരണ ക്ലാസുകൾ<br>പരിസ്ഥിതി ദിനാചരണം<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>ലഹരിക്കെതിരെ ബോധവൽക്കരണം<br>രക്തദാനത്തെക്കുറിച്ച് അവബോധം | ഒരു വർഷം | അധ്യാപകൻ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ<br>Science Club |

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ - കലാകായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| 1)ശാരീരിക മാനസിക വളർച്ചയുടെ വികാസം.<br><br>2)കായിക വിദ്യാഭ്യാസ അനുഭവം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തൽ .<br><br>3) കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം<br><br>4) കലയുടെ ആസ്വാദ്യത സമൂഹത്തിൽ ഉപകരിക്കുന്നതിന് .<br><br>5)കലയെ മനസ്സിലാക്കാൻ<br><br>6 )കല അഭ്യസിക്കാൻ<br><br>7 )വീഡിയോഗ്രാഫി 8 8 )ഷോർട്ട് ഫിലിം നിർമ്മാണം | 1 ) ജനറൽ എക്സർസൈസ്<br><br>2 )മൈനർ ഗെയിം<br><br>3)കബഡി<br>വടംവലി<br>ഫെൻസിങ്ങ്<br>ഫുട്ബോൾ -പ്രത്യേക പരിശീലനം ആവശ്യമുള്ളവർക്കുള്ള പരിശീലനം നൽകൽ<br><br>4) സ്പെഷ്യൽ കോച്ചിംഗ്<br><br>5 )ഇൻഡോർ ഗെയിംസ് | ഒരു വർഷം | ക്ലാസ് ടീച്ചേഴ്സ് മറ്റ് അധ്യാപകർ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ<br>മുൻസിപ്പാലിറ്റിയിൽ നിന്നുള്ള റിസോഴ്സ് |

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തന പദ്ധതി രൂപരേഖ – ഐ.സി.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| 1)പഠന വിഭവങ്ങൾ തയ്യാറാക്കി സ്കൂളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം സൂക്ഷിക്കുക.<br><br>2) വിവരസാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന വിധത്തിൽ പഠനം നടത്തുക<br><br>3) ഇന്റർനെറ്റ് സേവനങ്ങൾ പരിചയപ്പെടുത്തുക<br><br>4)ഇന്റർനെറ്റിൽ ചതിക്കുഴികൾ കണ്ടെത്താൻ പ്രേരിപ്പിക്കുക<br><br>5) സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക | 1)എല്ലാ വിഷയങ്ങളും ഐസിടി പഠനത്തിലൂടെ പഠിപ്പിക്കുക.<br><br>2) ഓഡിയോ റെക്കോർഡിങ് പഠിപ്പിക്കുക.<br><br>3) പവർ പോയിന്റ് പ്രസന്റേഷൻ . ഷോർട്ട് ഫിലിം നിർമ്മാണം<br><br>4)ഡിജിറ്റൽ മാഗസിൻ നിർമ്മാണം | ഒരു വർഷം | ക്ലാസ് ടീച്ചേഴ്സ് മറ്റ് അധ്യാപകർ | പി.റ്റി.എ<br>വിവിധ സഹായങ്ങൾ<br>IT fund |

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

വിദ്യാലയത്തിന്റെ ദൗത്യപൂർണ്ണത്തിനായി സ്വീകരിക്കേണ്ടത് എന്തെല്ലാമെന്ന് വ്യക്തമാക്കും. അക്കാദമിക പുരോഗതിയിലേക്കുള്ള പാത തെളിഞ്ഞു കിട്ടും. വിദ്യാലയത്തിന്റെ മുൻഗണനകൾ എന്തെന്ന് മാസ്റ്റർ പ്ലാൻ നമുക്ക് വ്യക്തമായി പറഞ്ഞു തരും. അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ പൂർണമായിട്ടുള്ള പുരോഗതിക്ക് ചട്ടക്കൂടാണ്. വിദ്യാലയത്തിന്റെ കാഴ്ചപ്പാട്, അക്കാദമിക് ലക്ഷ്യം, പ്രവർത്തന പരിപാടികൾ ഇവയെല്ലാം ചേർന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## മോണിറ്ററിംഗ് രീതി

ഏത് പരിപാടിയുടെയും ദിശ നിർണയിക്കൽ പ്രധാനമാണ്. ലക്ഷ്യത്തിൽ തന്നെയാണോ ഇത് പ്രവർത്തിക്കുന്നത് എന്നും കാലതാമസം ഉണ്ടോ എന്ന് പരിശോധിക്കാനും മോണിറ്ററിങ്ങിലൂടെ പറ്റും .ആസൂത്രണ സമയത്തും പൂർത്തീകരണ സമയത്തും കൃത്യമായ മോണിറ്ററിംഗ് നടക്കണം. പൂർത്തീകരണ വേളയിൽ ഉൽപ്പന്നത്തെയാണ് നമ്മൾ വിധേയമാക്കേണ്ടത്. നിർവഹണ ചുമതയുള്ള അധ്യാപകർ, പ്രഥമാധ്യാപിക , SRG കൺവീനർ ഇവരുടെ നേതൃത്വത്തിൽ ആയിരിക്കണം മോണിറ്ററിങ്ങ് നടത്തേണ്ടത്. ഓരോ മാസവും മോണിറ്ററിംഗ് അനുഭവങ്ങൾ ചർച്ച ചെയ്യണം .

GOVT HSS ELOOR

## ആഭ്യന്തര മോണിറ്ററിംഗ്

1. പ്രഥമാധ്യാപിക ഓരോ മാസവും നടത്തണം
2.എസ് ആർ ജിയിൽ മാസത്തിൽ രണ്ട് തവണ നടത്തണം

## ബാഹ്യ മോണിറ്ററിംഗ്

1.ബാഹ്യ മോണിറ്ററിംഗ് വിദ്യാഭ്യാസ ഓഫീസർമാർ
2.ഡയറ്റ് ഫാക്കൽറ്റിയംഗങ്ങൾ

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## എസ്.ആർ.ജിയുടെ റോൾ

അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണം പദ്ധതി തയ്യാറാക്കുന്നതിൽ എസ്ആർ ജിക്ക് വലിയ പങ്കുണ്ട് മുൻമാസത്തെ നിർവഹണ അനുഭവം വിലയിരുത്തണം തിരിച്ചറിവ് ,പ്രതീക്ഷിത നേട്ടം കൈവരിക്കുന്നതിന് പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ടോ ? എന്ന് ചർച്ച ചെയ്യണം. എന്തെങ്കിലും വ്യത്യാസം വരുത്തേണ്ടത് ഉണ്ടോ എന്ന് ആലോചിക്കണം. നേട്ടങ്ങൾ വിലയിരുത്തണം. എസ് ആർ ജി നിർവഹണപദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കണം. ഓരോ കുട്ടിയും പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുന്നുണ്ട് എന്ന് വിദ്യാലയം അക്കാദമിക മാസ്റ്റർ നിർവഹണത്തിലൂടെ ഉറപ്പാക്കുന്നുണ്ട് എന്ന് സമൂഹത്തിന് ബോധ്യപ്പെടണം.

GOVT HSS ELOOR

## ഉപസംഹാരം

2025 മുതൽ 2030 വരെയുള്ള വിഷൻ ആണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. നിശ്ചിതവിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടി വരും. എല്ലാ കുട്ടികളെയും മൂന്നു ഭാഷകൾ എഴുതാനും വായിക്കാനും പ്രാപ്തരാക്കണം. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. വിദ്യാലയത്തിലേക്ക് എന്ത് സ്രോതസ്സിൽ നിന്ന് ഫണ്ട് ലഭിച്ചാലും വികസന പദ്ധതിയിലെ പ്രവർത്തനങ്ങൾ ആയിരിക്കണം നടപ്പിലാക്കേണ്ടത്. ജനപങ്കാളിത്തത്തോടെ ഓരോ പദ്ധതി നടപ്പിലാക്കണം. അഞ്ചുവർഷംകൊണ്ട് വിദ്യാലയത്തെ എല്ലാതലത്തിലും ലോകനിലവാരത്തിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തണം. ഏറ്റെടുക്കുന്ന പദ്ധതികൾ വിജയകരമായി ചെയ്യാനുള്ള ഒരു ആർജ്ജവമാണ് ഈയൊരു സമഗ്ര അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത് .

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## അനുബന്ധം

### സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം - 2025 - 26

**ആമുഖം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഘട്ടമാണിത്. ഏപ്രിൽ , മെയ് മാസത്തിൽ നടത്തിയ എട്ടാം ക്ലാസിലെ പരീക്ഷ പരിശീലനങ്ങളുടെ വിജയം മുൻനിർത്തിക്കൊണ്ടാണ് ജൂൺമാസം ആദ്യം മുതൽ രണ്ടാഴ്ചകാലം വിവിധ വിഷയങ്ങളിൽ പരിശീലനം നടക്കുന്നത്. ഒമ്പതാം ക്ലാസിലും കൃത്യമായിത്തന്നെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഏപ്രിൽ മെയ് മാസങ്ങളിൽ പരിശീലനം നൽകിയിരുന്നു. ഇത് വൻ വിജയമാണ് നേടിയത് .കൃത്യമായ ടൈംടേബിൾ പ്രകാരമാണ് പരിശീലനം നടത്തുന്നത്.

**ലക്ഷ്യങ്ങൾ**

തുടർ പ്രവർത്തനങ്ങൾ അനുസരിച്ച് പഠനനിലവാരം അളക്കുക. പാഠപുസ്തകത്തിലെ എല്ലാ സന്ദർഭങ്ങൾക്കൊപ്പം ഫലപ്രദമായ രീതിയിൽ കൃത്യമായി ആസൂത്രണം ചെയ്യുക. കുട്ടികളിലുളവാകേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള പദ്ധതിയിലൂടെ കുട്ടികളുടെ പഠനത്തിൽ അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക.

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പ്രവർത്തനങ്ങൾ

ഓരോ ദിവസവും ഓരോ മണിക്കൂർ വീതം നീക്കിവെച്ച് പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തണം. സെമിനാർ , നാടകം, ഡിബേറ്റ് എന്നിവ വ്യവഹാര രൂപമായി മാറണം കുട്ടികളെയും അധ്യാപകരെയും നിരന്തരമായി വിലയിരുത്തണം. കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകണം .കൃത്യമായ മോഡ്യൂളിനൊപ്പം സഹായോപാധികൾ കൂടി സ്വീകരിക്കണം. മാലിന്യമുക്ത കേരളം നവകേരളം, ജനകീയ ക്യാമ്പയിൻ ,ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം - പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

## പൊതുവിഷയം

### മയക്ക്മരുന്ന് /ലഹരി ഉപയോഗത്തിനെതിരെ 3 /6 /2025

മയക്കുമരുന്ന് ലഹരി എന്നിവ ഉപയോഗിക്കില്ല എന്നുള്ള നിലപാട് കുട്ടികളിലുണ്ടാക്കാൻ ആവശ്യമായ ധാരണകൾക്ക് വേണ്ടി പ്രവർത്തനം . അതിനായി കുട്ടികളുടെ പ്രായം പരിഗണിച്ചുള്ള സംവാദങ്ങളും പഠന പ്രവർത്തനങ്ങളും ഒരുക്കണം. ഒരു ക്ലാസിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെ കുറിച്ചും അതിനെതിരായവരുടെ അഭിപ്രായങ്ങൾ ധാരണകളും പങ്കുവെച്ച് പൊതുവായ നിലപാടിലേക്ക് എത്തുന്നതാണ് ഉചിതം.

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പൊതുവിഷയം

### റോഡിലൂടെ സഞ്ചാരം / റെയിൽ മുറിച്ചു കടക്കുമ്പോൾ / ജലപാത ഉപയോഗം / സ്കൂൾ വാഹനയുപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 4/ 6/ 2025

വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട നിയമങ്ങളെ കുറിച്ചും വ്യക്തമായ ബോധം കുട്ടികൾക്ക് ഉണ്ടാക്കുന്നതിനാണ് ഈ വിഷയം ചർച്ച ചെയ്യുന്നത്. റോഡിലൂടെ നടക്കേണ്ട രീതി ,റോഡ് മുറിച്ചുകിടക്കുന്നതെങ്ങനെ, നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ചു നടക്കേണ്ടതെങ്ങനെ?ട്രാഫിക് സിഗ്നൽ എന്നിവ ബോധം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ മുന്നോട്ടുകൊണ്ടുപോകണം .സുരക്ഷിതമായി യാത്ര എന്നുള്ള ആശയമാണ് മുദ്രാവാക്യം.

### വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം - 5 /6 /2025

വ്യക്തി ശുചിത്വം പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകി. നല്ലശീലങ്ങളും പരിസര ശുചിത്വവും പ്രധാനപ്പെട്ടതാണെന്ന് കുട്ടികളിലേക്ക് എത്തിക്കുക .ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം, എന്ന ചിന്തയിലേക്കും കുട്ടികളെ എത്തിക്കുക.

### പൊതുവാരോഗ്യം 9 /6 /2025

പൊതുവാരോഗ്യം എന്ന് പറയുന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. പോഷണം ,ശുചിത്വം, വ്യായാമം, മനസ്സിന്റെ സന്തോഷം എന്നിവ ആസ്പദമാക്കി വിഷയങ്ങൾ കൈകാര്യം ചെയ്യണം. കണ്ണിന്റെ ആരോഗ്യം, പല്ലിന്റെ സംരക്ഷണം, വ്യായാമം, മാനസികാരോഗ്യം എന്നിവയെ കുറിച്ച് കൃത്യമായി ധാരണ വേണം.

GOVT HSS ELOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

## പൊതുവിഷയം

### ഡിജിറ്റൽ അച്ചടക്കം 10/ 6 /25

കുട്ടികളിൽ വർദ്ധിച്ചു വരുന്ന ഡിജിറ്റൽ ഉപയോഗം കുറയ്ക്കുന്നതിനു വേണ്ടിയുള്ള ക്ലാസ് . അതിനായി രക്ഷിതാക്കൾക്ക് കൂടി ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രീതിയെ കുറിച്ചും നെഗറ്റീവ് പോസ്റ്റുമായി വശങ്ങളെ കുറിച്ചും കുട്ടികളിലേക്ക് എത്തിക്കണം സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും കുട്ടികളിൽ ഉണ്ടാകുന്ന മാനസിക പ്രശ്നത്തെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും കുട്ടിയാർജിക്കേണ്ട അറിവുകളും മറ്റും ഈ ക്ലാസിൽ പറഞ്ഞു കൊടുക്കണം.

### പൊതുമുതൽ സംരക്ഷണം 11/ 6 /25

പൊതുമുതൽ സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ചും അനിവാര്യതയെ കുറിച്ചുംകുട്ടിയെ ബോധ്യപ്പെടുത്തുന്നതിനായി ക്ലാസ് ഉപയോഗിക്കണം. സ്വന്തം സാമഗ്രികൾ സൂക്ഷിക്കുന്നത് തുടങ്ങി സ്കൂൾ പരിസരവും പൊതുയിടങ്ങളിൽ പൊതുവസ്തുക്കളും സംരക്ഷിക്കേണ്ടതാണ് എന്ന അനുഭവത്തിലേക്ക് കൊണ്ടുപോകണം.

### പരസ്പര സഹകരണത്തിന്റെ പ്രാധാന്യം 12/ 6 /25

പരസ്പര സഹകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അറിയുവാൻ , ജീവിത സന്ദർഭങ്ങൾ 1 കഥ സിനിമ ഉപയോഗപ്പെടുത്തി ചർച്ച ചെയ്യാനും സംവാദം സംഘടിപ്പിച്ചു. കുട്ടികളിൽ വൈകാരിക അവബോധം സൃഷ്ടിക്കാൻ കഴിയണം. റാഗിംഗ് പോലുള്ള മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് കുട്ടികളെ വിട്ടുനിൽക്കാൻ ക്ലാസ് ഉപകാരപ്പെടണം. റാഗിങ്ങ് നിരോധന നിയമം പരിചയപ്പെടുത്തണം.

### പൊതു ക്രോഡീകരണം 13 /6 / 25

3/ 5/ 25 മുതൽ 13/5/ 25 വരെ ഓറിയന്റേഷൻ ക്ലാസുകൾ നടത്തി.

GOVT HSS ELOOR

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2030

### പേരിന് പുറകിൽ




Determination

Discipline

Dedication

Daring

Dynamic

GOVT HSS ELOOR